# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4208**

**12.11.2019 ൽ മറുപടിക്ക്**

ക്വാറികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ക്വാറികളുടെ പ്രവർത്തനം നിർത്തി വച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) ബഹു. കേരള ഹൈക്കോടതി 1201/2018 നമ്പർ റിട്ട് അപ്പീലിന്മേൽ 26.05.2018 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയിൽ നിന്നും 10 കി.മീ. ദൂരപരിധിക്കുള്ളിൽ ഖനനാനുമതി നൽകുന്നതിന് നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിൽ നിന്നുള്ള നിരാക്ഷേപപത്രം ആവശ്യമാണ്. അപ്രകാരം വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുടെ 10 കി.മീ. ചുറ്റളവിൽ പ്രവർത്തിച്ച വന്നിരുന്ന ക്വാറികൾക്ക് സ്റ്റോപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>പരിസ്ഥിതിലോല പ്രദേശങ്ങളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വില്ലേജുകളിൽ ക്വാറി പ്രവർത്തനത്തിന് നിലവിൽ ഖനനാനുമതി നല്കുന്നില്ല. നിലവിലുണ്ടായിരുന്ന ക്വാറികളുടെ പ്രവർത്തനം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിന്റെ ഓഫീസ് മെമ്മോറാണ്ട പ്രകാരം 2018 ൽ നിർത്തിയിട്ടുള്ളതുമാണ്. 2019 -ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ എല്ലാ ക്വാറികളുടെയും പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. കൂടാതെ ഇപ്രകാരം മലപ്പുറം ജില്ലയിൽ 13 ക്വാറികളും, പാലക്കാട് ജില്ലയിൽ ഒരു ക്വാറിയും പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. ശക്തിയായി മഴപെയ്യുന്ന അവസരത്തിൽ ദുരന്ത നിവാരണ വകുപ്പ് ഓറഞ്ച്, റെഡ് അലെർട്ട് പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇടയ്ക്കിടെ ക്വാറികളുടെ പ്രവർത്തനം നിർത്തി വയ്പിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ക്വാറികളുടെ പ്രവർത്തനം നടക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ക്വാറികളുടെ പ്രവർത്തനം നിർത്തിവച്ചതിനാൽ എം.എൽ.എ.ഫണ്ട്, സംസ്ഥാന ബഡ്ജറ്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ നിലച്ചിരിക്കുന്ന സാഹചര്യത്തിൽ ക്വാറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിലെ ചട്ടങ്ങൾ പ്രകാരവും കോടതി ഉത്തരവുകൾ പ്രകാരവും ഖനനം അനുവദിക്കാവുന്ന സ്ഥലങ്ങളിൽ എല്ലാം തന്നെ ഖനനാനുമതി നൽകിയിട്ടുണ്ട്. നിയമപരമായി ഖനനം നിർത്തിവയ്ക്കേണ്ട സ്ഥലങ്ങളിൽ മാത്രമാണ് ഖനനം നിർത്തിവയ്പ്പിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**